(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*420) യുവജനക്ഷേമബോർഡിന്റെ പ്രവർത്തനം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എളമരം കരീം :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) യുവജനക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതായിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ യുവജനക്ഷേമ പ്രവർത്തനങ്ങളുടെ വിപുലീകരണത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ)&(ബി) ഉണ്ട്.

(സി) കേരളോത്സവം സംഘടിപ്പിക്കൽ, യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലന പരിപാടി, സാഹസിക പരിശീലനം നൽകൽ, യുവജനങ്ങൾക്കായുള്ള എക്സിബിഷൻ, ദേശീയോദ്ഗ്രഥന ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക, എന്നീ പരിപാടികളാണ് മുഖ്യമായും ബോർഡിന്റെ പ്രവർത്തനങ്ങൾ.

(ഡി) 1996-97, 1997-1998 വർഷങ്ങളിൽ കേരള യുവജനക്ഷേമ ബോർഡ് വഴി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

1. കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി, പഞ്ചായത്തുകൾക്ക് 4000/- രൂപവീതവും പഞ്ചായത്ത് തെരഞ്ഞെടുത്ത കായിക/ യുവക്ലബുകൾക്ക് 1500/- രൂപ വീതവും, മുനിസിപ്പാലിറ്റിക്ക് 5000/-രൂപ വീതവും അനുവദിച്ചു.

2. നാടൻ കലകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഏഴ് പരിശീലന കളരികൾ നടത്തി.

3. യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുവാൻ പര്യാപ്തമായ കൊത്തപ്പണി, ആശാരിപ്പണി, വയറിംഗ് എന്നീ ഇനങ്ങളിൽ പരിശീലനം നൽകി.

4. മറ്റ് സംസ്ഥാനങ്ങളിലെ യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചു.

5. 358 യുവതീ യുവാക്കൾക്ക് മുന്നാറിലെ നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ വച്ച് സാഹസിക പരിശീലനം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

6. തിരുവനന്തപുരത്തെ നെയ്യാർഡാം മുതൽ കാസർഗോഡ് പാണത്തൂർ വരെ. 36 ദിവസം നീണ്ട വനങ്ങളിലൂടെയുള്ള ഒരു സാഹസിക യാത്ര സംഘടിപ്പിച്ചു.

7. രാഷ്ട്രീയ യുവസംഘടനകളിലെ പ്രതിനിധികളെ സംഘടിപ്പിച്ചുകൊണ്ട് എറണാകുളത്തും, കോഴിക്കോട്ടും രണ്ട് യുവജന ശില്പശാലകൾ നടത്തി.

8. കണ്ണൂരിൽ നടന്ന കേരളോത്സവത്തിൽ ദേശീയ ഇനങ്ങളിൽ വിജയിച്ച 72 കലാകാരൻമാരെ ദേശീയ യുവജനോത്സവത്തിൽ പങ്കെടുപ്പിക്കുകയും ആറ് ഇനങ്ങളിൽ സമ്മാനം നേടിയവർക്ക് കേന്ദ്ര ഗവണ്മെന്റ് നൽകിയ തോതിൽ ക്യാഷ് അവാർഡ് നൽകി ആദരിച്ചു. കൂടാതെ ഇവർക്ക് മദ്രാസിൽ വെച്ച് സംഘടിപ്പിച്ച കോമൺവെൽത്ത് രാജ്യങ്ങളിലെ കലാകാരന്മാരോടൊപ്പം കലാമേളയിൽ പങ്കെടുക്കുന്നതിന് അവസരം ഉണ്ടാക്കി.

6 (*421) കേന്ദ്രാവിഷ്കൃത പദ്ധതികൾ

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീമതി ഗിരിജാസുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഇപ്പോൾ ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്ര ഗവണ്മെന്റിന്റെ പൂർണ്ണ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കാൻ ഉന്നതതല കമ്മിറ്റിയെ ചുമതലപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് അനുയോജ്യമായ രീതിയിൽ പദ്ധതി തയ്യാറാക്കുമോ;

(എഫ്) കേന്ദ്രാവിഷ്കൃത വിദ്യാഭ്യാസ പദ്ധതിക്കുവേണ്ടി 1998-99-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയും സംസ്ഥാന സർക്കാർ വഹിക്കേണ്ട തുകയും നടത്തിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1) ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (ഡി.പി.ഇ.പി)

2) തുടർ വിദ്യാഭ്യാസ പരിപാടി

3) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതി

4) ഇംപ്രൂമെന്റ് ഓഫ് സയൻസ് എഡ്യൂക്കേഷൻ

5) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം

LIBRARY ARCHIVES Kerala Legislative Assembly